## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 651 — 31.10.2011 ൽ മറുപടിക്ക്

### ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണിജോസഫ് :<br>ശ്രീ. പാലോട് രവി:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി.എ. മാധവൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും മാനേജീരിയൽ കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ മേൽനോട്ടത്തിൽ ട്രെയിനിംഗ് നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/ മാനേജിംഗ് ഡയറക്ടർ നിയമനങ്ങൾക്കായി ഒരു പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ബി.പി.ഇ. തയ്യാറാക്കി വരുന്നു. |
| (ബി) പൊതുമേഖലാ യൂണിറ്റുകളെ മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ടിത വെബ് പോർട്ടൽ RIAB സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു. |

| | |
|---|---|
| (സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ഉല്പാദനം, മാർക്കറ്റിംഗ്, ധനകാര്യം എന്നിവയിലെ പ്രവർത്തന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ ഊർജ്ജിത ശ്രമം നടത്തുമോ ? | (സി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആധികാരികമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു പ്രസിദ്ധീകരണം വാർഷികമായി ബി.പി.ഇ. പ്രസിദ്ധീകരിച്ചു വരുന്നു. RIAB ന്റെ മോണിട്ടറിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ മാസംതോറും നടന്നുവരുന്ന മന്ത്രിതല അവലോകനത്തിൽ സ്ഥാപനങ്ങളുടെ ഉൽപ്പാദനം, മാർക്കറ്റിംഗ്, ധനകാര്യം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സാമ്പത്തിക സഹായമുൾപ്പെടെയുള്ള സഹായങ്ങൾ ആവശ്യമെങ്കിൽ നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**